(അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ എടുക്കുന്നതിനായി നിർത്തി വച്ച സഭ രാവിലെ 10.41-ന് പുനരാരംഭിച്ചു.)

## അറിയിപ്പ്

## സരസ്വതി സമ്മാൻ പുരസ്കാരം ലഭിച്ച ശ്രീ. പ്രഭാവർമ്മയ്ക്ക് സഭയുടെ അനുമോദനം

മി. സ്പീക്കർ: ഓർഡർ.... ഓർഡർ...

ഇന്ത്യയിലെ പരമോന്നത സാഹിത്യ പുരസ്കാരങ്ങളിലൊന്നായ സരസ്വതി സമ്മാൻ വീണ്ടുമൊരിക്കൽക്കൂടി മലയാളത്തിന് ലഭിച്ചിരിക്കുകയാണ്. ഇന്ത്യയിലെ ഏറ്റവും മികച്ച സാഹിത്യകൃതിക്കുള്ള ടി പുരസ്കാരം കവി പ്രഭാവർമ്മയാണ് കേരളത്തിലേയ്ക്കും മലയാള ഭാഷയിലേയ്ക്കും എത്തിച്ചത്. 'രൗദ്രസാത്വികം' എന്ന കൃതിക്ക് ലഭിച്ച ഈ അംഗീകാരത്തിലൂടെ കവി പ്രഭാവർമ്മയ്ക്കൊപ്പം നമ്മുടെ നാടും ഭാഷയുംകൂടിയാണ് ആദരിക്കപ്പെടുന്നത്.

ക്ലാസിക്കൽ പദവി നേടിയ മലയാള ഭാഷാ സാഹിത്യം ഇന്ത്യയിലെ മറ്റെല്ലാ ഭാഷാ സാഹിത്യങ്ങൾക്കും മുകളിൽ സ്ഥാനം നേടുന്ന മഹത്വത്തിന്റെ

ശ്രേഷ്ഠ മുഹൂർത്തമാണിത്. ഹരിവംശറായി ബച്ചനിൽ തുടങ്ങിയ സരസ്വതി സമ്മാൻ, ബാലാമണിയമ്മ, അയ്യപ്പപ്പണിക്കർ, സുഗതകുമാരി എന്നിവർക്കാണ് ഇതിനുമുമ്പ് മലയാളത്തിൽ ലഭിച്ചിട്ടുള്ളത്.

കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, ചലച്ചിത്ര ഗാനരചനയ്ക്കുള്ള രജത് കമൽ ദേശീയ പുരസ്കാരം, എന്നിവയടക്കമുള്ള ദേശീയ പുരസ്കാരങ്ങൾ മുമ്പ് നേടിയിട്ടുള്ള പ്രഭാവർമ്മ, സരസ്വതി സമ്മാനിലൂടെ ദേശീയ സാഹിത്യ വ്യക്തിത്വങ്ങളുടെ നിരയിലേയ്ക്ക് ഉയർന്നുനിൽക്കുന്നുവെന്നത് ഓരോ മലയാളിക്കും അഭിമാനകരമാണ്.

പാരമ്പര്യത്തെയും ആധുനികതയെയും സംയോജിപ്പിക്കുന്ന ശക്തിചൈതന്യങ്ങളുടെ കണ്ണി എന്ന നിലയിൽ കാവ്യചരിത്രം അടയാളപ്പെടുത്തിയിട്ടുള്ള കാവ്യ വ്യക്തിത്വത്തിനുടമയാണ് ശ്രീ. പ്രഭാവർമ്മ. 'ശ്യാമമാധവം' പോലുള്ള ശ്രദ്ധേയമായ കാവ്യ ആഖ്യായികകളടക്കം അദ്ദേഹത്തിന്റെ ശ്രദ്ധേയമായ നിരവധി കൃതികളുണ്ട്. സരസ്വതി സമ്മാൻ ലബ്ധിയിൽ അദ്ദേഹത്തെ അനുമോദിക്കുന്നു. നാടിന്റെയും ഭാഷയുടെയും സന്തോഷത്തിൽ ഈ സഭ പങ്കുചേരുകയും ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിന് ലഭിച്ച ഏറ്റവും ഉദാത്തമായ ഒരു പുരസ്കാരമാണിത്. ശ്രീ. പ്രഭാവർമ്മയിലൂടെ നമ്മുടെ നാട്ടും മലയാള ഭാഷയും ധന്യമാക്കപ്പെട്ടിരിക്കുന്നുവെന്നാണ് ഇതിലൂടെ വ്യക്തമാകുന്നത്. അങ്ങ് പ്രകടിപ്പിച്ച എല്ലാ വികാരത്തോടും യോജിക്കുന്നു. ശ്രീ. പ്രഭാവർമ്മയ്ക്ക് ഇനിയും കൂടുതൽ സംഭാവനകൾ നൽകാൻ കഴിയുമാറാകട്ടെയെന്ന് ആശംസിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമ്മുടെ പ്രിയങ്കരനായ കവി ശ്രീ. പ്രഭാവർമ്മയ്ക്ക് ലഭിച്ച പുരസ്കാരത്തെ മലയാള ഭാഷയ്ക്കും മലയാള കവിതയ്ക്കും ലഭിച്ച സമ്മാനമായാണ് നമ്മളെല്ലാവരും കാണുന്നത്. വളരെ വ്യത്യസ്തമായ വഴികളിലൂടെ സഞ്ചരിച്ച് കവിതയെഴുതിയ വ്യക്തിയാണ് ശ്രീ. പ്രഭാവർമ്മ. അദ്ദേഹത്തിന്റെ പുസ്തകങ്ങളുടെ പേരുകൾതന്നെ വളരെ ശ്രദ്ധേയമായ വാക്കുകൾ കൂട്ടിച്ചേർത്തിട്ടുള്ളതാണ്. മേഘദീപകം, അർക്കപൂർണ്ണിമ, ചന്ദനനാഴി, ശ്യാമമാധവം, രൗദ്രസാത്വികം ... പേരുകളിൽത്തന്നെ വൈരുദ്ധ്യങ്ങൾ കാണാൻ സാധിക്കും. മഴപെയ്യിക്കുകയും വിളക്ക് തെളിയിക്കുകയും ചെയ്യുന്ന രണ്ട് ഹിന്ദുസ്ഥാനി രാഗങ്ങളുടെ പേരുകൾ

ചേർത്താണ് മേഘദീപകം എന്ന പേര് ഉണ്ടാക്കിയിരിക്കുന്നത്. അതുപോലെയാണ്, ശ്യാമമാധവത്തിൽ ശ്രീകൃഷ്ണനെക്കുറിച്ച് പറയുമ്പോൾ, ശ്രീകൃഷ്ണന്റെ സങ്കടങ്ങളെയും വ്യക്തിപരമായ നിരാശകളെയും പ്രശ്നങ്ങളെയെല്ലാം കുറിച്ചാണ് അദ്ദേഹം സംസാരിക്കുന്നത്. രണ്ട് ധ്രുവങ്ങളിൽ നിൽക്കുന്ന ആശയങ്ങളെയും വൈരുദ്ധ്യങ്ങളെയും അല്ലെങ്കിൽ ബൈനറി ഓപ്പോസിറ്റുകളെ ഒരുമിപ്പിച്ച് ചേർക്കുന്ന ഒരു കലാവൈഭവമാണ് ശ്രീ. പ്രഭാവർമ്മയുടെ കവിതകളിലൂടെ വളരുന്നത്. ഏകാന്തത എന്ന വിഷത്തെ അമൃതമാക്കി മാറ്റാൻ കഴിയുന്നതാണ് കവിതയെന്ന് കുമാരനാശാൻ പറഞ്ഞിട്ടുണ്ട്. നമുക്കറിയാം, നമ്മുടെ പുരാണ കഥാപാത്രങ്ങളെ നിരവധിപേർ നോവലുകളിലൂടെയും മറ്റും വിശേഷിപ്പിച്ചിട്ടുണ്ട്. ശിവാജി സാവന്ത് കർണ്ണനെ കഥാപാത്രമാക്കി എഴുതിയ 'മൃത്യുഞ്ജയ', ശ്രീ. എം. ടി. വാസുദേവൻ നായർ ഭീമനെ കഥാപാത്രമാക്കി എഴുതിയ 'രണ്ടാമൂഴം', പി. കെ. ബാലകൃഷ്ണൻ എഴുതിയ 'ഇനി ഞാൻ ഉറങ്ങട്ടെ', ചിത്രാ ബാനർജി ദിവാകരുണി പാഞ്ചാലിയെ കഥാപാത്രമാക്കി എഴുതിയ 'ദി പാലസ് ഓഫ് ഇല്യൂഷൻസ് ' ഇതെല്ലാം പുരാണ കഥാപാത്രങ്ങളെ വളരെ

വ്യത്യസ്തമായ രീതിയിൽ അവതരിപ്പിച്ചുകൊണ്ട് എഴുതിയ നോവലുകളാണ്. അതുപോലെയാണ് ശ്രീ. പ്രഭാവർമ്മയുടെ കവിതകൾ പുരാണ കഥാപാത്രങ്ങളെ, വ്യത്യസ്തമായ വഴികളിൽ ഇന്നത്തെ സാമൂഹികഘടനയിൽനിന്നുകൊണ്ടും വിമർശിച്ചുകൊണ്ടും എഴുതിയ വളരെ വ്യത്യസ്തമായ കവിതകളാണ്. ആ കവിതയാണ് ഇവിടെ ആദരിക്കപ്പെട്ടിരിക്കുന്നത്. മലയാള ഭാഷയ്ക്കും മലയാള കവിതയ്ക്കും ലഭിച്ച അംഗീകാരമാണിത്. കവി ശ്രീ. പ്രഭാവർമ്മയെ എല്ലാവർക്കുംവേണ്ടി ഞാൻ അഭിനന്ദിക്കുന്നു.

----------------------